# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1221** **20.03.2012-ൽ മറുപടിക്ക്**

## മൊയ്തുപ്പാലത്തിന് സമാന്തരമായി പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരിയേയും - കണ്ണൂരിനേയും ബന്ധിപ്പിക്കുന്ന മൊയ്തുപ്പാലത്തിന് സമാന്തരമായി ഒരു പാലം നിർമ്മിക്കുവാനുള്ള പ്രൊപ്പോസലിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ; | (എ) നിർദ്ദിഷ്ട സമാന്തര പാലത്തിന്റെ 1885.30 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണനയിലാണ്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്. |
| (ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) പ്രസ്തുത പാലവും അപ്രോച്ച് റോഡും നിർമ്മാണത്തിന് ആവശ്യമായ സ്ഥലമെടുപ്പ് അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത സ്ഥലമെടുപ്പ് അതിവേഗ പദ്ധതിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പിനായി കേന്ദ്ര സർക്കാർ 3.037 കോടി രൂപയും അതിവേഗ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം എടുക്കുന്നതുമൂലം അധികമായി വരുന്ന 2 കോടി രൂപ സംസ്ഥാന സർക്കാറും അനുവദിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തു തുക നീക്കിവെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (സി) പാലം നിർമ്മാണത്തിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ച എസ്റ്റിമേറ്റ് തുക 1885.30 ലക്ഷം രൂപയാണ്. 2011-12 സാമ്പത്തിക വർഷത്തെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ വാർഷിക പദ്ധതിയിൽ 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പാലം പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | (ഡി) പാലത്തിന്റെ എസ്റ്റിമേറ്റ് അംഗീകാരം ലഭിച്ച് ടെണ്ടർ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങി പൂർത്തീകരിക്കാവുന്നതാണ്. |

Salitha

**സെക്ഷൻ ഓഫീസർ**